# ഏലിയാകാലം
# വചന വിചിന്തനം
## ഏലിയാകാലം രണ്ടാം ഞായർ
മത്താ 13,1-23

***ഗർഭം ധരിച്ച വചനം ജീവൻ വയ്ക്കുന്നത്
നൂറ് മേനി ഫലം സമ്മാനിക്കുമ്പോഴാണ്!
അല്ലാത്തതെല്ലാം,
വെട്ടി തിയ്യിലെറിയപ്പെടും!***

*1-3 അന്നുതന്നെ യേശു ഭവനത്തിൽ നിന്നു പുറത്തുവന്ന്, കടൽത്തീരത്ത് ഇരുന്നു. വലിയ ജനക്കൂട്ടങ്ങൾ അവൻെറ അടുത്തു വന്നു. തന്നിമിത്തം അവൻ ഒരു തോണിയിൽക്കയറി ഇരുന്നു. ജനക്കൂട്ടം മുഴുവൻ തീരത്തു നിന്നു. അപ്പോൾ അവൻ വളരെക്കാര്യങ്ങൾ ഉപമകൾവഴി അവരോടു പറഞ്ഞു: വിതക്കാരൻ വിതയ്ക്കാൻ പുറപ്പെട്ടു.*

ഈശോ ഉപമപ്രഭാഷണം നടത്തുന്നത് ഗലീലേയാ തടാകത്തിന്റെ തീരത്തുവച്ചാണ്. കഫർണാമിൽ ഈശോയുടെ പ്രവർത്തനകേന്ദ്രം ശെമയോന്റെ വീടായിരുന്നിരിക്കാം. ജനത്തിരക്കുമൂലം ഒരു വഞ്ചി പ്രസംഗപീഠമായി ഉപയോഗിക്കുന്നു. ശിഷ്യർ കൂടെയുണ്ടെങ്കിലും, ജനക്കൂട്ടത്തോടാണ് അവിടുന്നു സംസാരിക്കുന്നത്. ഈശോയുടെ പ്രവർത്തനങ്ങൾ ഫലം പുറപ്പെടുത്തുമെങ്കിൽ, അവിടുന്ന് ഒരു വിതക്കാരനു സദൃശ്യനാണ്. തന്റെ വചനങ്ങൾ ഫലം പുറപ്പെടുവിക്കുമെന്ന് ദൈവത്തിന് ഉറപ്പുണ്ടായിരുന്നതുപോലെ, (ഏശ 55.11= 'എന്റെ വാക്കുകൾ ഫലം പുറപ്പെടുവിക്കാതെ മടങ്ങിവരുകയില്ല') തന്റെ വചനങ്ങൾ ഫലം പുറപ്പെടുവിക്കുമെന്ന് ഈശോയ്ക്കു ഉറപ്പുണ്ടായിരുന്നു.

"നല്ല നിലത്തു വീണ വിത്തുകൾ മാത്രമാണ് നൂറു മേനിയും അറുപതു മേനിയും മുപ്പതു മേനിയും വിളവു നൽകിയത്.." എന്നിട്ടവർ ഇത്രയും കൂടി ചേർത്തു, "ചെവിയുള്ളവൻകേൾക്കട്ടെ."

*4-8 അവൻ വിതച്ചപ്പോൾ വിത്തുകളിൽ കുറെ വഴിയരുകിൽ വീണു. പക്ഷികൾ വന്ന് അതു തിന്നു. ചിലത് മണ്ണ് അധികമില്ലാത്ത പാറമേൽ വീണു. മണ്ണിന് ആഴമില്ലാതിരുന്നതിനാൽ അതു പെട്ടെന്ന് മുളച്ചുപൊങ്ങി. സൂര്യനുദിച്ചപ്പോൾ അതു വെയിലേറ്റുവാടുകയും വേരില്ലാതിരുന്നതിനാൽ കരിഞ്ഞുപോവുകയും ചെയ്തു. വേറെ ചിലതു മുൾച്ചെടികൾക്കിടയിൽ വീണു. മുൾച്ചെടികൾ വളർന്ന് അതിനെ ഞെരുക്കിക്കളഞ്ഞു. മറ്റു ചിലതു നല്ല നിലത്തു വീണു. അതു നൂറു മേനിയും അറുപതു മേനിയും മുപ്പതു മേനിയും വിളവു നൽകി.*

വിത്തുകളിൽ പലതും നഷ്ടമായെങ്കിലും ബാക്കിയുള്ളവ നല്ല ഫലം പുറപ്പെടുവിക്കുന്നു. ഒരുപക്ഷെ, സുവിശേഷപ്രഘോഷണാനുഭവത്തിന്റെ വെളിച്ചത്തിലാവാം, നശിച്ചുപോയ വിത്തുകളെക്കുറിച്ച് ദീർഘമായി പ്രതിപാദിക്കുന്നത്. എന്നാൽ, ലഭിച്ച വിളവുമായി താരതമ്യപ്പെടുത്തിയാൽ, നഷ്ടം നിസ്സാരമത്രെ. ഈശോയുടെ പ്രവർത്തനങ്ങൾ പരാജയമാണെന്നു തോന്നിയാലും, വാസ്തവത്തിൽ അതു വൻ വിജയമാണ്.

*9 ചെവിയുള്ളവൻകേൾക്കട്ടെ.*

'ചെവിയുള്ളവൻ കേൾക്കട്ടെ' എന്ന ആഹ്വാനം ദൈവവചനം തള്ളിക്കളയാനുള്ളതല്ലെന്നു അനുസ്മരിപ്പിക്കുന്നു (11.15; 13.43). തള്ളിക്കളയുന്നവർ അതിന്റെ ഭവിഷ്യത്ത് അനുഭവിക്കേണ്ടിവരും.

*10-11 അപ്പോൾ ശിഷ്യൻമാർ അടുത്തെത്തി അവനോടു ചോദിച്ചു: നീ അവരോട് ഉപമകൾ വഴി സംസാരിക്കുന്നതെന്തുകൊണ്ട്? അവൻ മറുപടി പറഞ്ഞു: സ്വർഗരാജ്യത്തിൻെറ രഹസ്യങ്ങൾ അറിയാനുള്ള വരം നിങ്ങൾക്കാണു ലഭിച്ചിരിക്കുന്നത്. അവർക്ക് അതു ലഭിച്ചിട്ടില്ല.*

ഉപമകൾക്ക് വിശദീകരണം ആവശ്യമാണെന്നു ശിഷ്യൻമാരുടെ ചോദ്യം സൂചിപ്പിക്കുന്നു. ശിഷ്യന്മാർക്കു ലഭിച്ചിരിക്കുന്ന വരം (ലൂക്ക 8.10) ഉപമകളുടെ വിശദീകരണവും വിശ്വാസത്തിന്റെ ആഴമായ കാഴ്ചപ്പാടുകളും സ്വീകരിക്കുന്നിൽ അടങ്ങിയിരിക്കുന്നു. ദൈവരാജ്യത്തിന്റെ അടിസ്ഥാനപരമായ രഹസ്യത്തെക്കുറിച്ച് ആഴമായ കാഴ്ചപ്പാടുകൾ സഭാസമൂഹത്തിന് ഉണ്ടാവുക ആവശ്യമാണ്. സഭാസമൂഹത്തെ ഉദ്ദേശിച്ചുള്ള പ്രഭാഷണത്തിൽ അവയെക്കുറിച്ചു പ്രതിപാദിക്കുന്നു (13.36-52). "ഇവയെല്ലാം നിങ്ങൾക്കു മനസ്സിലായോ?" മർക്കോസിനെ സംബന്ധിച്ചിടത്തോളം, ശിഷ്യൻ ഗ്രഹണശേഷി കുറവുള്ളവരായതിനാൽ, വിശ്വാസം ഒരു ദാനമെന്ന നിലയിൽ അവർക്കു നൽകപ്പെട്ടിരിക്കുന്നു. മത്തായിയെ സംബന്ധിച്ചിടത്തോളം, അവർ ഗ്രഹണശേഷി ഉള്ളവരാകയാൽ, വിശ്വാസം ദാനമായും അറിവുലൂടെയും നൽകിയിരിക്കുന്നു. കാണുകയും കേൾക്കുകയും മസസ്സിലാക്കുകയും ചെയ്യാത്തവർക്കു വിശ്വാസം ലഭിക്കുക വിഷമം. അങ്ങനെയുള്ളവർക്കാണ് വിശ്വാസം നിഷേധിക്കുക.

*12 ഉള്ളവനുനൽകപ്പെടും. അവനു സമൃദ്ധിയുണ്ടാവുകയും ചെയ്യും. ഇല്ലാത്തവനിൽനിന്ന് ഉള്ളതുപോലും എടുക്കപ്പെടും.*

"സ്വർഗരാജ്യത്തിൻെറ രഹസ്യങ്ങൾ അറിയാനുള്ള വരം നിങ്ങൾക്കാണു ലഭിച്ചിരിക്കുന്നത്..." സ്വർഗ്ഗരാജ്യം ഒരു മഹാരഹസ്യമാണ്... അതറിയണമെങ്കിൽ ദൈവീകവരം ലഭിക്കണം!

വിജ്ഞാനചിന്താഗതി പുലർത്തുന്നതും പിൽക്കാലയഹൂദമതത്തിനു പരിചിതവുമായ ഒരു പ്രസ്താവനയാണ് 'ഉള്ളവനു കൊടുക്കപ്പെടുമെന്നു ഇല്ലാത്തവന്റേത് എടുക്കപ്പെടും' എന്നുള്ളത്. മുതലാളിത്ത വ്യവസ്ഥിതിയെ അനുകൂലിക്കുന്നതായി തോന്നാവുന്ന ഈ പ്രസ്താവന, ആധുനിക അനുവാചകർക്ക് അരോചകമായി തോന്നിയേക്കാം. 'സമ്പന്നർ കൂടുതൽ സമ്പന്നരും, ദരിദ്രർ കൂടുതൽ ദരിദ്രരുമായിത്തിരും' (സുഭാ 11.24; 15.6) എന്ന ചിന്താഗതി വ്യവസായ മണ്ഡലങ്ങളിൽനിന്നു വരുന്നതാണ്. 'കൊടുക്കപ്പെടും, എടുക്കപ്പെടും' എന്നീ കർമ്മിണിപ്രയോഗങ്ങൾ സൂചിപ്പിക്കുത്, ദൈവം കൊടുക്കുന്നെന്നും എടുക്കുന്നെന്നുമാണ്. ഭൗതീകവീക്ഷണത്തിൽ പ്രസക്തിയില്ലാത്ത ഈ പ്രസ്താവന വിശ്വാസത്തെ സംബന്ധിച്ചുള്ളതാണ്. വിശ്വാസമുള്ളവർക്ക് ആഴമായ വിശ്വാസവും, അതില്ലാത്തവർക്ക് വിശ്വാസക്ഷയവും സംഭവിക്കുന്നു. യഹൂദരുടെ അവിശ്വാസത്തിനു കാരണം വേറെങ്ങും തേടിപോകേണ്ടതില്ല. അതിനുള്ള ഉത്തരവാദിത്വം അവരുടേതുതന്നെ.

*13 അതുകൊണ്ടാണ് ഞാൻ അവരോട് ഉപമകൾവഴി സംസാരിക്കുന്നത്. കാരണം, അവർ കണ്ടിട്ടും കാണുന്നില്ല, കേട്ടിട്ടും കേൾക്കുന്നില്ല, ഗ്രഹിക്കുന്നുമില്ല.*

ഈശോയുടെ ശിഷ്യഗണത്തിൽപ്പെട്ടവർക്കുമാത്രമെ ദൈവരാജ്യരഹസ്യങ്ങൾ ആഴമായി ഗ്രഹിക്കാൻ സാധിക്കു. ഈശോയുടെ രക്ഷാകരപ്രവർത്തനങ്ങളെ (പ്രസംഗങ്ങൾ, അത്ഭുതങ്ങൾ) അവർ മാത്രമേ വേണ്ടപോലെ കാണുകയും കേൾക്കയും മനസ്സിലാക്കയും ചെയ്യുന്നുള്ളു. മറ്റുള്ളവർ അവ കാണുകയും കേൾക്കയും ചെയ്താലും, കണ്ടില്ലെന്നും കേട്ടില്ലെന്നു വയ്ക്കുന്നു. ദൈവരാജ്യരഹസ്യങ്ങളെക്കുറിച്ച് ആഴമായ അറിവ് അവർക്കു നൽകാൻ ഈശോ ആഗ്രഹിക്കുന്നില്ല. അതിനാനാണ്, ഉപമകൾവഴിമാത്രം അവരോട് സംസാരിക്കുന്നത്. എല്ലാവരും തന്നെക്കുറിച്ചുള്ള അറിവിലേക്കും വിശ്വാസത്തിലേക്കും വരണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ആരെങ്കിലും അതിലേക്കു വരുന്നില്ലെങ്കിൽ, അവരുടെ സഹകരണക്കുറവാണ് അതിനു കാരണം. അതിന്റെ ഉത്തരവാദിത്ത്വം അവരുടേതുമാണ്.

യഹൂദരുടെ അവിശ്വാസം ദൈവീകപദ്ധതിയുടെ ഭാഗമായി ആദിമസഭ മനസ്സിലാ

ക്കിയിരുന്നു. അവരുടെ അവിശ്വാസം ആദിമസഭയെ അലട്ടിരിരുന്ന ഒരു പ്രശ്നമാണ് (റോമാ 9-11). അതു ദൈവഹിതമാണുപോലും! മനുഷ്യനു നന്മയാഗ്രഹിക്കുന്ന ദൈവം, അവർക്ക് അതു നിഷേധിക്കുന്നുവെന്നു പറഞ്ഞാൽ യുക്തിഭംഗമുണ്ട്. ദൈവം ഫറവോയെ കഠിന ഹൃദയനാക്കി (പുറ 7.3 = "ഞാൻ ഫറവോയുടെ ഹൃദയം കഠിനമാക്കും) (പുറ 7.10 = "ദൈവം പറഞ്ഞതുപോലെ, ഫറവോയുടെ ഹൃദയം കഠിനമായി) എന്നു പറയുന്നിടത്തും ഈ യുക്തിഭംഗമുണ്ട്. അവർ കഠിനഹൃദയരായെന്നോ, തങ്ങളെത്തന്നെ കഠിനഹൃദയരാക്കിയെന്നോ ഉള്ള പ്രസ്താവനയിലാണ് യുക്തിയുള്ളത്. എല്ലാത്തിന്റെയും ആദികാരണം ദൈവമാണെന്നതിനാൽ, നന്മയുടെയും തിന്മയുടെയും കാരണം ദൈവമാമാണെന്നു പറയുന്നതു ശരിയല്ല. സ്വാതന്ത്രമനസ്സുള്ള മനുഷ്യനാണു നന്മയ്ക്കും തിന്മയ്കും കാരണക്കാരൻ. അതിനാലാണ്, നന്മയക്കും നിന്മയ്ക്കുമുള്ള അവന്റെ ഉത്തരവാദിത്വം അടങ്ങിയിരിക്കുന്നത്. നന്മ ചെയ്യുന്നവനു പ്രതിഫലവും തിന്മ ചെയ്യുന്നവനു ശിക്ഷയും ലഭിക്കുന്നത് അതുകൊണ്ടാണ്, ദൈവം ഒരുവനിലും നന്മയോ തിന്മയോ അടിച്ചേൽകിക്കയില്ല.

*14-15 ഏശയ്യായുടെ പ്രവചനം അവരിൽ പൂർത്തിയായിരിക്കുന്നു: നിങ്ങൾ തീർച്ചയായും കേൾക്കും, എന്നാൽ മനസ്സിലാക്കുകയില്ല; നിങ്ങൾ തീർച്ചയായും കാണും, എന്നാൽ ഗ്രഹിക്കുകയില്ല. അവർ കണ്ണുകൊണ്ടു കണ്ട്, കാതുകൊണ്ടു കേട്ട്, ഹൃദയംകൊണ്ടു മനസ്സിലാക്കി, മാനസാന്തരപ്പെടുകയും ഞാൻ അവരെ സുഖപ്പെടുത്തുകയും അസാധ്യമാകുമാറ് ഈ ജന തയുടെ ഹൃദയം കഠിനമായിത്തീർന്നിരിക്കുന്നു; ചെവിയുടെ കേൾവി മന്ദീഭവിച്ചിരിക്കുന്നു; കണ്ണ് അവർ അടച്ചുകളഞ്ഞിരിക്കുന്നു.*

"ഉള്ളവനുനൽകപ്പെടും. അവനു സമൃദ്ധിയുണ്ടാവുകയും ചെയ്യും." എങ്കിലൊന്നുറപ്പാണ്, ദൈവരാജ്യത്തിന്റെ നന്മകൾ അൽപമെങ്കിലും ഉള്ളവനു മാത്രമെ ദൈവരാജ്യത്തിന്റെ നിറവ് ഉണ്ടാവുകയൊള്ളു!

യഹൂദരെസംബന്ധിച്ച ദൈവഹിതം എന്തെന്വേഷിച്ച ആദിമസഭ അതു കണ്ടെത്തിയത് എശ 6.9-ാം വാക്യത്തിലാണ്. മനസ്സിലാക്കലും മാനസാന്തരവും അസാധ്യമാകത്തക്കവിധം ദൈവം അവരുടെ ഹൃദയങ്ങളെ കഠിനമാക്കിപോലും! 'ജനം തങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കി' എന്നാണു പ്ശീത്ത വിവർത്തനം ആശയക്കുഴപ്പം ഒഴിവാക്കാൻ സഹായകമാണ്. പ്ശീത്തവിവർത്തനത്തിൽ യഹൂദവ്യാഖ്യാതക്കൾ, തങ്ങളുടെ മാസനാന്തരത്തിനും രക്ഷയക്കും സാധ്യത കാണുന്നുണ്ട്. മാസനാന്തപ്പെട്ട് ദൈവപക്കലേക്കു തിരിഞ്ഞാൽ, അവിടുന്നു അവരെ രക്ഷിക്കും എന്ന സന്ദേശമാണ് ഏശയ്യാ (6.9) നല്കുന്നത്. ദൈവം തന്റെ പ്രവാചകന്മാരെ ജനങ്ങളുടെ അടുക്കലേക്ക് അയക്കുന്നത് അവർ മാനസാന്തരപ്പെടാനാണ്; മാസനാന്തരപ്പെടാതിരിക്കാനല്ല. പ്രവാചകദൗത്യത്തിന്റെ അന്തസ്സത്ത മനസ്സിലാക്കിക്കൊണ്ടുള്ള വിവർത്തനമാണ് പ്ശീത്തയിൽ കാണുന്നത്.

*16-17 നിങ്ങളുടെ കണ്ണുകൾ ഭാഗ്യമുള്ളവ; എന്തെന്നാൽ, അവ കാണുന്നു. നിങ്ങളുടെ കാതുകൾ ഭാഗ്യമുള്ളവ; എന്തെന്നാൽ, അവ കേൾക്കുന്നു. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അനേകം പ്രവാചകൻമാരും നീതിമാൻമാരും നിങ്ങൾ കാണുന്നവ കാണാൻ ആഗ്രഹിച്ചു, എങ്കിലും കണ്ടില്ല; നിങ്ങൾ കേൾക്കുന്നവ കേൾക്കാൻ ആഗ്രഹിച്ചു, എങ്കിലും കേട്ടില്ല.*

വേറൊരു പശ്ചാത്തലത്തിൽ ലൂക്കയുടെ സുവിശേഷത്തിൽ (10.23-24) കാണുന്ന രണ്ടു വാക്യങ്ങളാണു മത്തായി ഇവിടെ അവതരിപ്പിക്കുന്നത്. കാണുകയും കേൾക്കുകയും ചെയ്യുന്നവ വിശ്വാസിക്കാത്ത യഹൂദരിൽനിന്നു വ്യത്യസ്തമായി, കാണുകയും കേൾക്കുകയും ചെയ്യുന്നവ വിശ്വസിക്കുന്നവരാണ് ശിഷ്യർ. അക്കരണത്താൽ, അവർ ഭാഗ്യവാന്മാരാണ്. പ്രവാചകന്മാർക്കും നീതിമാന്മാർക്കും ലഭിക്കാത്ത ഭാഗ്യമാണ് ശിഷ്യർക്കു ലഭിച്ചത്. പഴവിയമത്തിലെ പ്രവാചകന്മാരും നീതിമാന്മാരും മിശിഹായെ കാണാനും കേൾക്കാനും ആഗ്രഹിച്ചു. എന്നാൽ, അവർക്ക് അതു സാധിച്ചില്ല. ലൂക്കയുടെ സുവിശേഷത്തിൽ കാണുന്ന (10.24) 'രാജാക്കന്മാർ' എന്ന വാക്കിന്റെ സ്ഥാനത്ത് ഇവിടെ 'നീതിമാന്മാർ' എന്നു കാണുന്നു. മത്തായിക്കു നീതിനിഷ്ഠയിലുള്ള താല്പര്യം കൊണ്ടാണ് പഴയ

നിയമത്തിലെ ദൈവമനുഷ്യരെ അദ്ദേഹം നീതിമാന്മാർ എന്നു വിശേഷിപ്പിക്കുന്നത്.

*18-19 അതിനാൽ, വിതക്കാരൻെറ ഉപമ നിങ്ങൾ കേട്ടുകൊള്ളുവിൻ: രാജ്യത്തിൻെറ*

"നിങ്ങൾ" എന്ന വാക്ക് സുവിശേഷപ്രഘോഷകരെക്കൂടി ഉദ്ദേശിച്ചുള്ളതാണ്. വിതയ്ക്കപ്പെടുന്ന വചനമാകുന്ന വിത്തിന്റെ ഭാവി അതു സ്വീകരിക്കുന്ന മനുഷ്യരെ ആശ്രയിച്ചിരിക്കുന്നു. വചനം ഫലം പുറപ്പെടുവിക്കാനുള്ള പ്രധാന വ്യവസ്ഥ അതു മനസ്സിലാക്കുക എന്നതാണ്. വചനം മനസ്സിലാക്കാത്തതിന്റെ കാരണം ദുഷ്ടനിൽ (പിശാച്) ആരോപിച്ചിരിക്കുന്നുവെന്നു മാത്രം. വചനം ഗ്രഹിക്കാത്ത മനുഷ്യർ ദുഷ്ടരാണെന്നു പറയുകയായിരിക്കും ശരി. ഒരുവനിൽനിന്ന് വചനത്തിന്റെ സ്വാധീനം നീക്കിക്കളയാൻ മറ്റു ദുഷ്ടർക്കും സാധിക്കും (13.28; 13.38-39). മത്തായിയെ സംബന്ധിച്ചിടത്തോളം, വിതയ്ക്കപ്പെട വചനം ദൈവരാജ്യത്തിന്റെ വചനം അഥവാ, സുവിശേഷമാണ്. ദൈവരാജ്യരഹസ്യം മനസ്സിലാക്കാത്തവർക്ക് ഫലം പുറപ്പെടുവിക്കുക സാധ്യമല്ല.

*20-21 വചനം കേട്ടിട്ടു മനസ്സിലാകാതിരിക്കുന്നവനിൽനിന്ന്, അവൻെറ ഹൃദയത്തിൽ വിതയ്ക്കപ്പെട്ടത് ദുഷ്ടൻ വന്ന് അപഹരിക്കുന്നു. ഇതാണ് വഴിയരികിൽ വീണ വിത്ത്. വചനം കേട്ടിട്ട് ഉടനെ സന്തോഷം സ്വീകരിക്കുകയും തന്നിൽ വേരില്ലാത്തതിനാൽ അൽപനേരം മാത്രം നിലനിന്നിട്ട്, വചനത്തെപ്രതി ക്ലേശവും പീഡയുമുണ്ടാകുമ്പോൾ തത്ക്ഷണം വീണുപോവുകയും ചെയ്യുന്നവനാണ് പാറമേൽ വീണ വിത്ത്.*

വചനം കേട്ടിട്ട് മനസ്സിലാകാത്തവരിൽനിന്ന് വചനം എടുത്ത് കളയുന്നത് ദുഷ്ടനാണ്. കാലഘട്ടം ആവശ്യപ്പെടുന്നത് നിതാന്തജാഗ്രതയാണ്!

പാറമേൽ വീഴുന്ന വിത്ത് (13.5) കിളിർക്കുമെങ്കിലും, ആഴത്തിൽ വേര് ഓടാത്തതിനാൽ പെട്ടന്ന് ഉണങ്ങിപ്പോകുന്നു. ദൈവവചനം ആവേശത്തോടെ സ്വീകരിക്കുമെങ്കിലും, അതു പ്രാവർത്തികമാക്കാൻ ശ്രദ്ധിക്കാത്തവരുണ്ട്. ഉപരിപ്ലവകരികളായ അവരുടെ ആവേശം പീഡനങ്ങൾ ഉണ്ടാകുമ്പോൾ കെട്ടടങ്ങുന്നു. പീഡനത്തെക്കുറിച്ചുള്ള സൂചന മത്തായി മുന്നിൽ കാമുന്ന സമൂഹത്തിന്റെ സ്ഥിതിവിശേഷത്തെ അനുസ്മരിപ്പിക്കുന്നു.

*22 ഒരുവൻ വചനം ശ്രവിക്കുന്നു; എന്നാൽ ലൗകിക വ്യഗ്രതയും ധനത്തിൻെറ ആകർഷണവും വചനത്തെ ഞെരുക്കുകയും അതു ഫലശൂന്യമാവുകയും ചെയ്യുന്നു. ഇവനാണു മുള്ളുകളുടെയിടയിൽ വീണ വിത്ത്.*

മുളലുകൾക്കിടയിൽ വീണ വിത്ത് ആദിമസഭയിലെ സ്ഥിതിവിശേഷം അനുസ്മരിപ്പിക്കുന്നു. ഈ ലോകത്തിലെ വ്യഗ്രതകൾ (ലൂക്കാ 16.19-31; 1കോറി 7.32-34; യാക്കോ 1.10-15; 5.1-3) സഭയുടെ വളർച്ചയ്ക്കു തടസമായി നിന്നിട്ടുണ്ട്. ആഴത്തിൽ വേരില്ലാതിരിക്കുക, ഞെരുക്കപ്പെടുക എന്നതെല്ലാം ഫലത്തിൽ ഒന്നുതന്നെ.

*23 വചനംകേട്ടു ഗ്രഹിക്കുന്നവനാണ്, നല്ല നിലത്തു വീണ വിത്ത്. അവൻ നൂറു മേനിയും അറുപതു മേനിയും മുപ്പതു മേനിയും ഫലം പുറപ്പെടുവിക്കുന്നു.*

നല്ല നിലത്തു വീണ വിത്ത, വചനം കേട്ട് മനസ്സിലാക്കി നന്മ പ്രവർത്തിക്കുന്നവരാണ് (13.19) പലർ പല വിധത്തിൽ നന്മ പ്രവർത്തിക്കുന്നു (100, 60, 30 മേനി). ഫലം പുറപ്പെടുവിക്കുന്ന കാര്യത്തിൽ മത്തായിയുടെ സമൂഹം പിന്നിലേക്കു പോയിരുന്നുവെന്നു സംശയിക്കേണ്ടിയിരിക്കുന്നു. 30, 60, 100 എന്ന ക്രമമാണ് മർക്കോസിന്റെ സുവിശേഷത്തിൽ കാണുന്നത്.

---

കടപ്പാട്: **റവ.ഡോ.തോമസ് കയ്യാലപറമ്പിൽ**
***"സുവിശേഷ വ്യഖാനം: മത്തായി"***